ടി സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പോഷക സമൃദ്ധമായ ആഹാരം, വസ്ത്രം, മരുന്ന്, വിദ്യാഭ്യാസം എന്നിവ നൽകിവരുന്നു. സ്ഥാപനത്തിലെ കുട്ടികളെ സ്കൂളുകളിൽ അയച്ച് വിദ്യാഭ്യാസം ചെയ്യിക്കുന്നു. പഠനത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കുട്ടികൾക്ക് റസിഡൻഷ്യൽ വിദ്യാഭ്യാസം നൽകിവരുന്നു. പഠനത്തിൽ മോശമായ കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തിവരുന്നു. സ്ഥാപനത്തിൽനിന്നും വിടുതൽചെയ്യുന്ന കുട്ടികൾക്ക് തുടർ പഠനത്തിനായി ധനസഹായം നൽകിവരുന്നുണ്ട്. 'ശ്രദ്ധയും സംരക്ഷണവും ആവശ്യമായ' കുട്ടികളുടെ പുരധിവാസകാര്യം നോക്കുന്നതിന് എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയൽ കമ്മിറ്റികളും 'നിയമവുമായി പൊരുത്തപ്പെടാത്ത' കുട്ടികളുടെകാര്യം കൈകാര്യംചെയ്യുന്നതിന് ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. 2009-10 വർഷം കേന്ദ്ര സർക്കാർ ആരംഭിച്ച "സംയോജിത ശിശു സംരക്ഷണ പദ്ധതി " 2009 നവംബർ മുതൽ സംസ്ഥാനത്തും നടപ്പിലാക്കുകയുണ്ടായി. ചൈൽഡ് വെൽഫയർ കമ്മിറ്റി/ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവയിൽ മെമ്പർമാരെ തെരഞ്ഞെടുക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ജോൺ കെ. മാത്യു അദ്ധ്യക്ഷനായുള്ള സെലക്ഷൻ കമ്മിറ്റി, മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി 15 സ്പെഷ്യലൈസ്ഡ് അഡോപ്ഷൻ ഏജൻസീസ്, ഒമ്പത് ജില്ലകളിൽ ചൈൽഡ്ലൈൻ എന്നിവയും സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുണ്ട്. ജുവനൈൽ ജസ്റ്റിസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ബാലനീതി നിയമം നടപ്പിലാക്കുന്നതിനായി എല്ലാ ജില്ലകളിലും പ്രൊബേഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ബാലനീതി നിയമം നടപ്പിലാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

(സി) ബാലനീതി നിയമപ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ചൈൽഡ് വെൽഫയർ കമ്മിറ്റികൾ (14 എണ്ണം) രൂപീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

സംയോജിത ശിശുവികസന പദ്ധതിപ്രകാരം പുതിയ പ്രോജക്ടുകൾ

74 (524) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത ശിശുവികസന പദ്ധതി പ്രകാരം അനുവദിച്ച പുതിയ പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം വ്യക്തമാക്കുമോ ;

(ബി) നാളിതുവരെ പ്രവർത്തനം ആരംഭിച്ച പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ പ്രോജക്ട് ആഫീസുകൾ ആരംഭിക്കുന്ന കാര്യത്തിലെ പുരോഗതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) നാളിതുവരെ പ്രവർത്തനം ആരംഭിച്ച പ്രോജക്ടുകളുടെ ജില്ലാതല വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

(സി) വയനാട് ജില്ലയിൽ പുതുതായി അനുവദിച്ച 5 ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

എ.പി.എൽ. ബി.പി.എൽ വ്യത്യാസമില്ലാതെ വാർദ്ധക്യപെൻഷൻ

75 (525) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മറ്റു പെൻഷനുകൾ ഒന്നും ഇല്ലാത്ത വൃദ്ധജനങ്ങൾക്ക് എപിഎൽ., ബിപിഎൽ. വ്യത്യാസമില്ലാതെ വാർദ്ധക്യ പെൻഷൻ നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ക്ഷേമ പദ്ധതികൾ

76 (526) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ക്ഷേമ പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികൾമൂലം സാമൂഹ്യക്ഷേമ രംഗത്ത് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ ;

(സി) സുരക്ഷാ മിഷൻ രൂപീകരിച്ചശേഷം വിവിധ പദ്ധതികൾക്കായി എത്രകോടി രൂപ വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുതായി ആവിഷ്കരിച്ച "ആശ്വാസകിരണം" പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഇ) അവശത അനുഭവിക്കുന്നവരെ പരിചരിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ;

(എഫ്) സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly